## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1055

28-04-2017 ലെ
മറുപടി

**മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.യു.പ്രതിഭ ഹരി | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| | കായംകുളം മണ്ഡലത്തിൽ 2015-16, 2016-17 വർഷത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയും വിശദമാക്കുമോ? | | കായംകുളം മണ്ഡലത്തിൽ 2015-16 വർഷത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ 16 ഉം 10 ഉം വാർഡുകളെ ബന്ധിപ്പിക്കുന്ന ആറുകടമ്പ തോടിന് കുറുകെ ആംബുലൻസ് പാലത്തിന്റെ നിർമ്മാണത്തിന് 25.00 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>2. കായംകുളം മുനിസിപ്പാലിറ്റിയിൽ പാലസ് വാർഡ് നമ്പർ 31 ൽ തോണ്ടാലിൽ കുന്നേൽ പാലത്തിന്റെ താഴ്ഭാഗത്ത് ഒരു ഗുമ്പിന്റെ നിർമ്മാണത്തിന് 4.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന പ്രവൃത്തി പൂർത്തീകരിച്ചതിനാൽ ഉപേക്ഷിച്ചു.<br>3. കായംകുളം മുനിസിപ്പാലിറ്റിയിൽ 31-ാം വാർഡിൽ ചിറയിൽ പടി ഭാഗത്തിനടുത്ത് മലയൻ കനാലിന്റെ ഇടത് കരയുടെ സംരക്ഷണത്തിന് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പല പ്രാവശ്യം ദർഘാസ് ക്ഷണിച്ചുവെങ്കിലും പ്രവൃത്തി ആരും ഏറ്റെടുത്തില്ല.<br>2016-17 വർഷത്തിൽ ഭരണാനുമതി ഒന്നും തന്നെ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ